# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.2483

01/04/2013-ൽ മറുപടിയ്ക്ക്

## ജലക്ഷാമം സംബന്ധിച്ച പഠനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.ദാസൻ | | ശ്രീ.പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനം അഭിമുഖീകരിക്കുന്ന ജലക്ഷാമം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ജനസംഖ്യാ വർദ്ധനവുമായി ബന്ധപ്പെടുത്തി പ്രസ്തുത പ്രശ്നത്തെ സമീപിക്കുമോയെന്ന് വ്യക്തമാക്കുമോ; | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും-** സംസ്ഥാനം അഭിമുഖീകരിക്കുന്ന ജലക്ഷാമം സംബന്ധിച്ച് ജലസേചന വകുപ്പ് പഠനം നടത്തിയിട്ടില്ല.<br><br>**കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റ്** ജലക്ഷാമം സംബന്ധിച്ച പഠനം നടത്തിയിട്ടില്ല.<br><br>**സി.ഡബ്ല്യൂ.ആർ.ഡി.എം.-** സംസ്ഥാനം അഭിമുഖീകരിക്കുന്ന ജലക്ഷാമം സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.<br><br>എന്നാൽ ജനസംഖ്യാവർദ്ധനവ് അനുസരിച്ച് ആളോഹരി ജലലഭ്യതയിൽ കുറവുവരുന്നതായാണ് കാണുന്നത്. 20 വർഷംകൊണ്ട് ജനസംഖ്യ ഇരട്ടി ആകുമ്പോൾ ആളോഹരി ജലലഭ്യത ഇപ്പോൾ ലഭിക്കുന്നതിനേക്കാൾ പകുതിയായി കുറയുമെന്നാണ് കണക്ക്. |
| ബി) | സംസ്ഥാനത്തെ ജലക്ഷാമം സംബന്ധിച്ച് സെന്റർ ഫോർ ഇക്കോളജിക്കൽ സയൻസ് നടത്തിയിട്ടുള്ള പഠനത്തിൽ കണ്ടെത്തിയിട്ടുള്ള വസ്തുതകളും നിഗമനങ്ങളും വിശദമാക്കുമോ; | ബി) വിവരം ശേഖരിച്ചു വരുന്നു. |
| സി) | ജലലഭ്യതയെ സംബന്ധിച്ച പഠനങ്ങളുടെ അടിസ്ഥാനത്തിലുള്ള മാപ്പിംഗ് ലഭ്യമാണോ; | സി) വിവരം ശേഖരിച്ചു വരുന്നു. |

ഡി) ലഭ്യമായ ജലം മലിനപ്പെടാതെ സംരക്ഷിക്കാൻ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ;

ഡി) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും-** ജലസ്രോതസ്സുകളിലെ ജലം മലിനപ്പെടാതിരിക്കുന്നതിന് ബണ്ടുകളും സംരക്ഷണഭിത്തികളും, ആവശ്യമുള്ളിടത്ത് ഓടകളും ജലസേചന വകുപ്പ് നിർമ്മിച്ചു വരുന്നു.

**കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റിന്റെ** പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ പ്രതിനിധികൾ, ആശ വർക്കേഴ്സ്, ആരോഗ്യ വകുപ്പിൽനിന്നുള്ള ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി പരിശീലന ശില്പശാലയും, ബോധവത്ക്കരണ പരിപാടികളും സംഘടിപ്പിക്കുകയും അതേ തുടർന്ന് ജലസ്രോതസ്സുകളിലെ ജലഗുണനില വാരം പരിശോധിക്കുകയും തുടർ നടപടികൾ എടുക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി ബന്ധം പുലർത്തി വരുന്നു. ഇതിന് പുറമേ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന നാഷണൽ സർവ്വീസ് സ്കീമിന്റെ വോളണ്ടിയേഴ്സിനെ പരിശീലിപ്പിച്ച് ജലഗുണനിലവാര പരിപാടികൾ പഞ്ചായത്ത് തലത്തിൽ നട ത്തി വരുന്നു. ജലശ്രീ ക്ലബുകൾ ഒരു പുതിയ സംരംഭം എന്ന നിലയിൽ ആരംഭിക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ ജലഗുണനിലവാരം, ജലലഭ്യത തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. സംസ്ഥാന തലത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ജലകർമ്മ സേന രൂപപ്പെടുത്തി, ജലഗുണനിലവാരം, ജലദൗർലഭ്യം തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കുന്നത് സജ്ജമാക്കിയിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റി-** ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുള്ള അധികാരം കേരള ജല അതോറിറ്റിയിൽ നിക്ഷിപ്തമല്ല. എന്നാൽ ജല അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ സംരക്ഷിക്കുന്നു.

ഇ) ഈ സർക്കാർ പ്രസ്തുത മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതികളുടെ പുരോഗതിയുടെ വിശദാംശം അറിയിക്കുമോ;

**ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും-** ജലസ്രോതസ്സുകളിലെ ജലം മലിനപ്പെടാതിരിക്കുന്നതിന് ബണ്ടുകളും സംരക്ഷണഭിത്തികളും, ആവശ്യമുള്ളിടത്ത് ഓടകളും ജലസേചന വകുപ്പ് നിർമ്മിച്ചു വരുന്നു.

| | | | |
|---|---|---|---|
| എഫ്) | ' വാട്ടർ' എയ്ഡ്' പദ്ധതിയിൽപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | എഫ്) | **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും-** വാട്ടർ എയ്ഡ് പദ്ധതിയിൽപ്പെടുത്തി പദ്ധതികൾ നടപ്പാക്കിയിട്ടില്ല.<br><br>**കേരള വാട്ടർ അതോറിറ്റി-** 'വാട്ടർ എയ്ഡ്' എന്ന പേരിൽ പദ്ധതി നിലവിലില്ല . |
| ജി) | പാശ്ചാത്യ രാജ്യങ്ങളുടെ മാതൃകയിൽ "ക്ലീൻ വാട്ടർ ആക്റ്റ്" നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ? | ജി) | **കമ്മ്യൂണിക്കേഷൻ & കപ്പാസിറ്റി ഡെവലപ്പ്മെന്റ് യൂണിറ്റിൽ** പാശ്ചാത്യ രാജ്യങ്ങളുടെ മാതൃകയിൽ "ക്ലീൻ വാട്ടർ ആക്റ്റ്" നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**